**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **26-07-2021 - ൽ മറുപടിയ്ക്ക്**

**വനാതിർത്തിയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിലെ വനാതിർത്തിയിൽ ഭൂമിയുള്ള കർഷകരുടെ ഉടമസ്ഥാവകാശം സംബന്ധിച്ച എല്ലാ പരാതികളിലും സർക്കാർ പരിശോധന നടത്തി തീർപ്പാക്കിയിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് , പനങ്ങാട് വില്ലേജുകളിലെ ഭൂനികുതി പ്രശ്നം പരിഹരിക്കുന്നതിന് 3/8/2016, 21/3/2018 തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ വെളിച്ചത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള ഭൂമിയുടെ കൈവശക്കാർക്ക് ഭൂനികുതിയും മറ്റ് റവന്യൂ രേഖകളും നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ റവന്യൂ വനം വകുപ്പ് സംയുക്ത പരിശോധന നടത്തി കൈവശ രേഖ അനുവദിക്കുകയും ഭൂനികുതി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ടി ഭൂമി നിയമപരമായി വനഭൂമിയുടെ അവസ്ഥയിലാണെന്നും ആയത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി മാത്രമേ നിയമപരമായി വനഭൂമി എന്ന അവസ്ഥയിൽ നിന്നും ഒഴിവാക്കാൻ പറ്റൂ എന്നും അതിനു മുമ്പ് ഇത്തരം ഭൂമികൾക്ക് റവന്യൂ രേഖകൾ അനുവദിക്കരുതെന്നും കൂടാതെ ബഹു കേരള ഹൈക്കോടതിയുടെ 8/11/2018 ലെ WPC 4501/2018 നമ്പർ ഉത്തരവും അതിന്മേലുള്ള ഡിവിഷൻ ബഞ്ചിന്റെ WA 694/2019 ഉത്തരവ് പ്രകാരവും പ്രസ്തുത ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് വിഭാഗത്തിൽ ഉൾപ്പെട്ടതിനാലും ടി ഭൂമി പതിച്ചു കൊടുക്കുന്നതിനു മുമ്പ് വ്യക്തത വരുത്തേണ്ടതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിൽ കർഷകരുടെ പരാതിയിൽമേൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകരുടെ പരാതിയിന്മേൽ എന്നറിയിക്കുമോ; | (ബി) | റവന്യൂ വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് വിജ്ഞാപനമായവയൊന്നും പരിശോധന നടത്താൻ ബാക്കിയില്ല . |
| (സി) | ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ